# പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## (ഹയർസെക്കണ്ടറി വിഭാഗം) ജഗതി, തിരുവനന്തപുരം

### ഹാജർ: ശ്രീ ഉമേഷ് എൻ എസ് കെ ഐ എ എസ്

### സംഗ്രഹം

പൊതുവിദ്യാഭ്യാസവകുപ്പ് - ഹയർസെക്കൻററി വിഭാഗം - ജീവനക്കാര്യം- **ശ്രീമതി ജമുന വിജയൻ** -എച്ച്.എസ്.എസ്.ടി ഇംഗ്ലീഷ് - ശൂന്യവേതനാവധി റദ്ദ് ചെയ്ത് സർവീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

---

**ഉത്തരവ്. നം . HSE/28503/2025-Ad B4** **തീയതി:22-11-2025**

---

പരാമർശം: 1. 10/01/2005 ലെ Ad B4/41932/HSE/2004 നമ്പർ നിയമന ഉത്തരവ്.

2. GO (Rt) NO 4047/2005/G.EDN Dated 16/08/2005
3. GO (Rt) NO 4112/2007/G.EDN Dated 10/09/2007
4. GO (Rt) NO 3436/2010/G.EDN Dated 02/08/2010
5. GO (Rt) NO 2338/2012/G.EDN Dated 21/05/2012

### ഉത്തരവ്

പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കന്ററി വിഭാഗം HSST ENGLISH തസ്തികയിൽ **22/01/2005** തിയതിയിൽ തിരുവനന്തപുരം കാട്ടാക്കട കുളത്തുമ്മൽ G H S S ൽ പരാമർശം (1) പ്രകാരം ജോലിയിൽ പ്രവേശിച്ച ശ്രീമതി ജമുന വിജയൻ പരാമർശം (2) മുതൽ (5) വരേയുള്ള ഉത്തരവുകൾ പ്രകാരം KSR PART 1 APPENDIX XII C അനുസരിച്ച് **18/08/2005 മുതൽ 31/05/2017** വരേയും ശൂന്യവേതനാവധിയിൽ ആയിരുന്നു. തുടർന്ന് കുളത്തുമ്മൽ GHSS പ്രിൻസിപ്പലിന്റെ 18/04/2017 ലെ 01/2017/HSS/1040 നമ്പർ കത്ത് പ്രകാരം ശ്രീമതി ജമുന വിജയന്റെ സേവന പുസ്തകം സഹിതം പ്രസ്തുത ലീവ് വീണ്ടും ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ ഈ കാര്യാലയത്തിൽ സമർപ്പിച്ചതായി കാണുന്നു. എന്നാൽ ടി അധ്യാപികക്ക് ശൂന്യവേതനാവധി ദീർഘിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് ഈ കാര്യാലയത്തിലോ സ്കൂൾ രേഖകളിലോ ലഭ്യമല്ല. ലീവ് സാങ്ഷനിംഗ് അതോറിട്ടിയുടെ അനുമതിയില്ലാതെ **01/06/2017** മുതൽ അനധികൃത അവധിയിൽ തുടരുന്ന ശ്രീമതി ജമുന വിജയൻ നാളിതുവരേയും സർവീസിൽ തിരികേ കയറുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

2. മേൽ സാഹചര്യത്തിൽ ടിയാളെ അടിയന്തിരമായി എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ ഒഴിവുള്ള **കാസർഗോഡ് ഉപ്പള ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിൽ (14039) ൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവാകുന്നു.**

3. ബന്ധപ്പെട്ട പ്രിൻസിപ്പാൾ ടിയാളെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും, ടി അധ്യാപകന്റെ ജോയിനിങ് റിപ്പോർട്ട് സഹിതം ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതും, ടിയാളുടെ നിയമനം **www.dhsetransfer.kerala.gov.in -ൽ conditional status** അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. അടുത്ത പൊതു സ്ഥലം

മാറ്റത്തിലോ ,കോടതി ഉത്തരവ് മുഖേനയോ ടി സ്കൂളിലേക്ക് എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയിലെ മറ്റു അദ്ധ്യാപകർക്ക് നിയമനം ലഭിക്കുകയാണെങ്കിൽ ടിയാനെ മറ്റൊരു സ്കൂളിലേക്ക് മാറ്റി നിയമിക്കുന്നതാണ് .

Signed by
Umesh N S K
Date: 22-11-2025 13:56:36

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-
1. വ്യക്തിക്ക്.
2. പ്രിൻസിപ്പാൾ,ജി.എച്ച്എസ്എസ്,ഉപ്പള, കാസർഗോഡ് (14039)
3. അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
4. കരുതൽ ഫയൽ/അധികം